**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3572** **08-10-2025 - ൽ മറുപടിയ്ക്ക്**

**തോട്ടം ഭൂമി കയ്യേറ്റങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ തോട്ടം ഭൂമി ഉൾപ്പെടെയുള്ളവയിലെ കയ്യേറ്റങ്ങൾ തടയുന്നതിനും കയ്യേറിയ ഭൂമി തിരിച്ചു പിടിക്കുന്നതിനും സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ; | (എ) | സ്വാതന്ത്ര്യത്തിന് മുമ്പ് തിരുവിതാംകൂർ, കൊച്ച്<br>മലബാർ ഭരണാധികാരികൾ വിദേ<br>കമ്പനികൾക്കും പൗരൻമാർക്കു<br>തദ്ദേശിയർക്കും കർശന വ്യവസ്ഥകളോ<br>പാട്ടമായും, ഗ്രാന്റായും നൽകിയ ഭൂമിയു<br>സ്വകാര്യ പാട്ട ഭൂമിയും അനധികൃതമായ<br>കൈവശം വച്ചിരിക്കുന്ന M/s ഹാരിസൺസ<br>മലയാളം ലിമിറ്റഡും ടി കമ്പനിയിൽ നിന്ന് ഭൂ<br>നേടിയവർക്കുമെതിരെ 1957 ലെ കേരള<br>സംരക്ഷണ നിയമപ്രകാരം നടപ<br>സ്വീകരിക്കുന്നതിനായി ചുമതലപ്പെടുത്തി<br>സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ അത്തര<br>കൈവശക്കാർക്കെതിരെ സ്വീകരി<br>നടപടികൾ ചേദ്യം ചെയ്തുകൊണ്ട് M/<br>ഹാരിസൺസ് മലയാളം ലിമിറ്റഡും മ<br>കമ്പനികളും ഫയൽ ചെയ്<br>WP(C)33122/2014 & Ors കേസുകളി<br>11.4.2018 ൽ ബഹു. ഹൈക്കോടത<br>ഡിവിഷൻ ബഞ്ച് പുറപ്പെടുവി<br>വിധിനായത്തിൽ ഭൂ സംരക്ഷണ നിയമപ്രകാര<br>സർക്കാർ ഭൂമിയിലെ കൈയ്യേറ്റം ഒഴുപ്പിച്ച് ഭൂ<br>ഏറ്റെടുക്കുന്നതിനായി നിയമിതനാ<br>സ്പെഷ്യൽ ഓഫീസർക്ക് പരാതിക്കാരാ<br>കമ്പനികളുടെ പക്കലുള്ള ഭൂമിയുടെ ഉടമസ്ഥ<br>ഏകപക്ഷീയമായി നിർണ്ണയിക്കുന്നതിനുള്<br>"ജൂറിസ്ഡിക്ഷൻ" ഇല്ലായെന<br>നിരീക്ഷിച്ചുകൊണ്ട് ഭൂ സംരക്ഷ<br>നിയമപ്രകാരം ഭൂമി ഏറ്റെടുക്കുന്നതിനായ<br>സ്പെഷ്യൽ ഓഫീസർ പുറപ്പെടുവി<br>ഉത്തരവുകൾ റദ്ദുചെയ്യുകയും ഉടമസ്ഥ<br>സംബന്ധിച്ച തർക്കമുണ്ടെങ്കിൽ സർക്കാരി<br>സിവിൽ കോടതിയിൽ കേസുകൾ ഫയ<br>ചെയ്യാവുന്നതാണെന്നും വിധിച്ചിരുന്നു. പ്രസ്തു |

വിധിക്കെതിരെ സർക്കാർ ഫയൽ ചെയ്ത അപ്പീലുകൾ ബഹു. സുപ്രീം കോടത തള്ളിയതിനെ തുടർന്ന് സംസ്ഥാനത്ത് M/ ഹാരിസൺസ് മലയാളം ലിമിറ്റഡോ അവരിര നിന്നോ അവരുടെ മുൻഗാമികളിൽ നിന്നേ ഭൂമി നേടിയവരോ കൈവശം വച്ചിരിക്കുന്നതേ സമാനമായ നിലയിൽ മറ്റു വിദേ കമ്പനികളോ വ്യക്തികളേ കൈവശംവച്ചിരുന്നതും സ്വാതന്ത്ര്യാനന്തര നിലവിലെ കൈവശക്കാർക്ക് കേര സർക്കാരോ കേന്ദ്ര സർക്കാരോ നിയമപ്രകാര കൈമാറിയിട്ടില്ലാത്തതോ ആയ മുഴുവ ഭൂമിയിലും സർക്കാരിന്റെ ഉടമസ്ഥത സ്ഥാപി കിട്ടുന്നതിനായി അത്തരം ഭൂമി സ്ഥിതിചെയ്യുന സ്ഥലങ്ങളുടെ അധികാര പരിധിയിൽ വരുന സിവിൽ കോടതികളിൽ സർക്കാരിന് വേണ് കേസുകൾ ഫയൽ ചെയ്യുന്നതി ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തികൊണ 06.06.2019 ൽ സ. ഉ (കൈ) 172/2019/റ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

M/s ഹാരിസൺസ് മലയാളം ലിമിറ്റഡു സമാനമായ മറ്റു കമ്പനികളുടെയു വ്യക്തികളുടെയും പക്കലുള്ള 76764 ഏക്ക തോട്ടം ഭൂമിയിൽ സർക്കാരിന്റെ ഉടമസ്ഥ സ്ഥാപിക്കുന്നതിനായി കോട്ടയം,പത്തനംതി കൊല്ലം, ഇടുക്കി, തിരുവനന്തപുരം, വയനാ എന്നീ ജില്ലകളിലായി 37 സിവിൽ കേസുക 06.06.2019 ലെ സർക്കാർ ഉത്തരവി അടിസ്ഥാനത്തിൽ നിലവിൽ ഫയ ചെയ്തിട്ടുണ്ട്. മറ്റ് ജില്ലകളിലും അത്തര കേസുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരുന്നു.

സർക്കാരിന്റെ അധീനതയിലുള്ള സംസ്ഥാനത്തെ തോട്ടഭൂമി ഉൾപ്പെടെയുള്ള സർക്കാർ ഭൂമിയിലെ കൈയ്യേറ്റ സമയബന്ധിതമായി ഒഴിപ്പിക്കുന്നതിന് കേര ഭൂസംരക്ഷണ നിയമം 1957 ഉം 1958 ലെ അനുബന്ധചട്ടത്തിലെയും 2009 ലെ ഭൂസംരക്ഷണ ഭേദഗതി നിയമത്തിലെയു വ്യവസ്ഥകൾ പ്രകാരമുള്ള നടപടിക സ്വീകരിച്ചു വരുന്നു. 08/11/2008 നു ശേഷമുള്ള കയ്യേറ്റമാണെങ്കിൽ 2009 ലെ കേര ഭൂസംരക്ഷണ(ഭേദഗതി) നിയമ പ്രകാര കൈയ്യേറ്റ കക്ഷിക്കെതിരെ ക്രിമിനൽ കേസ രജിസ്റ്റർചെയ്യുന്നതിനുള്ള നടപടികള

| | | | |
|---|---|---|---|
| | | | സ്വീകരിച്ചു വരുന്നു. കൈയ്യേറ്റ കേസുകളിന്മേ ഉണ്ടാകുന്ന അപ്പീൽ റിവിഷൻ ഹർജികളി തീരുമാനം എടുക്കുന്നതിനുള്ള അധികാര ഒഴികെ കേരള ഭൂസംരക്ഷണ നിയമ പ്രകാര ജില്ലാ കളക്ടർക്കുള്ള അധികാരങ്ങ സിദ്ധിച്ചിട്ടുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, ജലസേചനം, പൊതുമരാമത്ത വനംവകുപ്പ്, തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥർക്ക് കൈയ്യേറ്റം കേര ഭൂസംരക്ഷണ നിയമ നടപടികളിലൂടെ ഒഴിപ്പിക്കുന്നതിന് അധികാര ലഭ്യമായിട്ടുള്ളതാണ്. ടി വകുപ്പുകളുടെ കൈവശമുള്ള ഭൂമികളിലാണ് കൈയ്യേറ്റ കണ്ടെത്തുന്നതെങ്കിൽ പ്രസ്തുത കൈയ്യേറ്റ ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് കൈയ്യേറ്റം അളന്ന തിട്ടപ്പെടുത്തി മഹസ്സർ, സ്കെച്ച് എന്നിവ സഹിതം ടി വകുപ്പിലെ ബന്ധപ്പെ ഉദ്യോഗസ്ഥന് കേരള ഭൂസംരക്ഷണ നിയ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതിനായി റവന്യൂ വകുപ്പ് കൈമാറി വരുന്നു. കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് അധികാരം സിദ്ധിച്ചിട്ടില്ലാത്ത വകുപ്പുകളുടെ ഭൂമികളിലെ കൈയ്യേറ്റം റവന്യൂ വകു മുഖാന്തിരവും ഒഴിപ്പിച്ച് ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാർ നാളിതുവരെ ഇത്തരത്തിൽ എത്ര ഹെക്ടർ തോട്ട ഭൂമി പിടിച്ചെടുത്തു; ഇനി പിടിച്ചെടുക്കാനുള്ളവയുടെ കണക്ക് എന്നിവ ലഭ്യമാക്കുമോ? | (ബി) | തിരുവനന്തപുരം,കോട്ടയം, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്,കണ്ണൂർ,കാസറഗോഡ് എന്നീ ജില്ലകളിൽ തോട്ടഭൂമി കയ്യേറ്റങ്ങൾ നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വയനാട് ജില്ലയിൽ വൈത്തിരി താലൂക്ക് പരിധിയിൽ മുട്ടിൽ നോർത്ത് വില്ലജിലെ ബ്ലോക്ക് 13 റി.സ.നമ്പർ 43/1 മുതൽ 43/9 വരെയും റി.സ.നമ്പർ 713/3 ലും ഉൾപ്പെട്ടുവരുന്ന 24.4040 ഹെക്ടർഭൂമി ദേവി പ്രസാദ് മുതൽപേർ അനധികൃതമായി കൈയ്യേറി കൈവശം വെച്ചുവരികയും 24/12/2018-ന് കേരള ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ സ്വീകരിച്ച് സർക്കാരിലേയ്ക്ക് തിരികെ പിടിച്ചിട്ടുള്ളതും, ഇതുമായി ബന്ധപ്പെട്ട ബഹു.ഹൈക്കോടതി മുമ്പാകെയുള്ള WP(c)731/2019 നമ്പർ കേസിലെ ഉത്തരവിനെതിരെ WA 2227/2019 നമ്പറായി സർക്കാർ അപ്പിൽ ഫയൽ ചെയ്തിരുന്നതും, മേൽ ഉത്തരവ് കക്ഷികൾക്ക് അനുകൂലമായി വിധി ആയതിനെ തുടർന്ന് ബഹു.സുപ്രീം കോടതിയിൽ അപ്പീൽ ഫയൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതാണ്. സുൽത്താൻ ബത്തേരി, |

| | | | |
|---|---|---|---|
| | | | മാനന്തവാടി താലൂക്കുകളിൽ തോട്ടം ഭൂമി കൈയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടില്ല.<br><br>മലപ്പുറം ജില്ലയിൽ പൊന്നാനി താലൂക്കിൽ തോട്ടം ഭൂമി കയ്യേറിയവർക്കെതിരെ കേരള ഭൂസംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ ആരംഭിച്ചിട്ടുള്ളതും പ്രസ്തുത നടപടികൾക്കെതിരെ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസിന്മേൽ വിചാരണ തുടരുന്ന സാഹചര്യത്തിൽ നടപടികൾ നിർത്തിവെച്ചിട്ടുള്ളതാണ്.<br><br>പാലക്കാട് ജില്ലയിൽ വിദേശ കമ്പനികളും പൗരൻമാരും കൈവശം വച്ചു വരുന്നതും പാട്ടക്കരാർ ലംഘനം നടത്തിയതുമായ വേണ്ടനാട് കോവിലകം 12 എസ്റ്റേറ്റുകളും(4299.20ഏക്കർ)വനം വകുപ്പ് ലീസിന് നൽകിയ 21 എസ്റ്റേറ്റുകളും (8 എണ്ണം വനം വകുപ്പ് നേരിട്ട് നടപടി സ്വീകരിച്ച് വരുന്നതും, 13 എണ്ണം (2603.97ഏക്കർ))റവന്യൂ വകുപ്പ് മുഖേന സംയുക്ത നടപടി സ്വീകരിച്ചു വരുന്നതും അടക്കം 33 എസ്റ്റേറ്റുകളാണ് സർക്കാരിലേക്ക് ഏറ്റെടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ